# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7387 — 17.07.2012 ൽ മറുപടിക്ക്

### നോർക്ക സെല്ലുകളിൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | ശ്രീ. കെ. സി. ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) ജോലി സംബന്ധമായി വിദേശത്തേയ്ക്ക് പോകുന്നവരുടെ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് നോർക്ക സാക്ഷ്യപ്പെടുത്തി നൽകുന്നത്; വിശദാംശം നൽകുമോ; | (എ) കേരളത്തിലെ വിവിധ ഗവൺമെന്റ് അംഗീകൃത സർവ്വകലാശാലകൾ/ബോർഡ്/ കൗൺസിലുകളിൽ നിന്നുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളാണ് പ്രസ്തുത കേന്ദ്രങ്ങൾ മുഖാന്തരം സാക്ഷ്യപ്പെടുത്തി നൽകി വരുന്നത്.<br>പൊതുവിദ്യാഭ്യാസ വകുപ്പിലെ Authentication Officer മാർ MHRD നിയമാവലി അനുസരിച്ച് Authentication നിർവഹിച്ചു വരുന്നത്. ഇത്തരത്തിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ MEA അറ്റസ്റ്റേഷൻ, എംബസ്സി അറ്റസ്റ്റേഷൻ എന്നിവ ന്യൂഡൽഹിയിലെ പ്രവാസി |

മലയാളി വികസന ഓഫീസ് മുഖാന്തിരവും, കോൺസുലേറ്റ് അറ്റസ്റ്റേഷൻ മുംബൈയിലെ പ്രവാസി മലയാളി വികസന ഓഫീസ് മുഖാന്തിരവും ഇപ്പോൾ നടത്തി വരുന്നു. കൂടാതെ ഉദ്യോഗാർത്ഥികളുടെ ആവശ്യാനുസരണം UAE, കുവൈറ്റ് എന്നീ രാജ്യങ്ങളുടെ എംബസ്സികളിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്. അതിനോടൊപ്പം അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ സേവനവും നോർക്ക-റൂട്ട്സ് ഓഫീസുകൾ മുഖാന്തരം നൽകി വരുന്നുണ്ട്.

(ബി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുവൈറ്റ് എംബസ്സിയിലേയ്ക്ക് സാക്ഷ്യപ്പെടുത്തലിനായി സമർപ്പിക്കുന്ന രേഖകൾ സാക്ഷ്യപ്പെടുത്തുന്നതിന് കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചില എംബസികൾ നിശ്ചിത എണ്ണം സർട്ടിഫിക്കറ്റുകൾ മാത്രമേ ഒരു ദിവസം സാക്ഷ്യപ്പെടുത്തുകയുള്ളൂ എന്നതിനാൽ മലയാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലേയും നോർക്ക സെല്ലുകളിൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ?

(ഡി) എല്ലാ മാസവും മുൻക്കൂട്ടി നിശ്ചയിച്ച ദിവസം പത്രപരസ്യം നൽകി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിന് ജില്ലാ കേന്ദ്രങ്ങളിൽ ഇപ്പോൾ തന്നെ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ